ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി—ഡി)) വകുപ്പ് തലവൻമാരെ നിയമിക്കുമ്പോൾ അവർക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ ഗൗരവ സ്വഭാവംകൂടി പരിഗണിച്ച ശേഷമേ നിയമനം നൽകാറുള്ളു. എന്നാൽ ശ്രീ. രാജാറാമിനെ ചീഫ് ടൗൺ പ്ലാനറായി നിയമിച്ചിട്ടില്ല. മുഖ്യനഗരാസൂത്രകന്റെ അധിക ചുമതല താൽക്കാലികമായി നൽകുക മാത്രമേ ചെയ്തിട്ടുള്ളു.

പിൻവലിച്ച വിജിലൻസ് കേസുകൾ

61 [769] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദ്യോഗസ്ഥന്മാർക്കെതിരെ രജിസ്റ്റർ ചെയ്ത എത്ര വിജിലൻസ് കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(സി) വിജിലൻസ് രജിസ്റ്റർ ചെയ്ത കൈക്കൂലി കേസുകളിൽ എത്രയെണ്ണം പിൻവലിച്ചിട്ടുണ്ടെന്നും കേസുകൾ പിൻവലിക്കാനുള്ള കാരണമെന്താണെന്നും ഏതെല്ലാം ഉദ്യോഗസ്ഥന്മാർക്കെതിരെയുള്ള കേസുകളാണ് പിൻവലിച്ചിട്ടുള്ളതെന്നും അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദ്യോഗസ്ഥന്മാർക്കെതിരെ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകൾ ഒന്നും പിൻവലിച്ചിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

ലോകായുക്തയുടെ അന്വേഷണ ചുമതലയുള്ള എസ്. പി. യുടെ പേരിലുള്ള അന്വേഷണം

62 [772] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ സംവിധാനത്തിന്റെ ന്യൂനതകൾ പരിഹരിക്കാനുള്ള സർക്കാർ സംവിധാനമായ ലോകായുക്തയുടെ അന്വേഷണ ചുമതലയുള്ള എസ്.പി.യുടെ പേരിൽ സി.ബി.ഐ. അന്വേഷണം നടക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം കേസുകളിൽ ;

(സി) മുൻ ആരോഗ്യ വകുപ്പു മന്ത്രിയുടെ ഓഫീസിനെപ്പറ്റി ലോകായുക്തയുടെ പരാമർശം ഉണ്ടാകുന്നതിനു മുൻപുതന്നെ വയനാട് ഡി.എം.ഒ.-യുമായി അദ്ദേഹം നടത്തിയ ഫോൺ സംഭാഷണം ചോർത്തിയിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly